

ദൈവൈക്യജീവിതം

ക. നി. മൂ. സ. പ്രസിദ്ധീകരണസംഘം.



L. F. PRESS, THEVARA,
1948

Nihil Obstat

FR. SYLVESTER, T. O. C. D.

FR. GREGORY, T. O. C. D.

Censores Deputati.

Ampazhakad
20—6—'48.

Imprimi Potest

FR. VINCENT OF THE BL. SACR.,

Prior General, T. O. C. D.

Ernakulam
24—6—'48.

Imprimatur

† **George C. Alapatt,**

Bp. of Trichur.

Trichur
5—7—'48.

മാസധ്യാനം

ദൈവൈക്യജീവിതം

ദൈവത്തെ സ്നേഹിക്കുകയും സ്നേഹിപ്പിക്കുകയും ചെയ്യുകയാണല്ലൊ നമ്മുടെ ജീവിതലക്ഷ്യം. അതിനു പ്രഥമതഃ നാം ചെയ്യേണ്ടതു നമ്മെത്തന്നെ ദൈവസ്നേഹത്താൽ നിറക്കുകയാണു്. ഇല്ലാത്തതു കൊടുക്കാൻ ആർക്കും സാധിക്കുകയില്ല. സ്നേഹംമൂലം ഗാഢമായി ദൈവത്തോടു ബന്ധപ്പെട്ടു ജീവിച്ചാൽ മാത്രമേ മറ്റുള്ളവരെക്കൊണ്ടും ദൈവത്തെ സ്നേഹിപ്പിക്കുവാൻ നമുക്കു സാധിക്കുകയുള്ളു. നമ്മെ സമീപിക്കുന്നവരെല്ലാം ദൈവസ്നേഹത്താൽ എരിയത്തക്കവണ്ണം നാംതന്നെ ദൈവസ്നേഹാഗ്നിച്ചൂളയായിരിക്കണം. ദൈവത്തോടുള്ള നമ്മുടെ ഈ സ്നേഹബന്ധം പുലർത്തുന്നതിനും, തന്റെ ജീവനിൽത്തന്നെ നമുക്കു പങ്കുണ്ടാകുന്നതിനും വേണ്ടിയാണു് ദൈവവചനം മാംസമായി നമ്മുടെ ഇടയിൽ വസിക്കുവാൻ ചിത്തമായതു്. "അവർക്കു ജീവൻ ഉണ്ടാകുവാനും, അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണു് ഞാൻ വന്നിരിക്കുന്നതു്." (വി. യോഹ. X. 10) എന്നു് ന. ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. ഈ ജീവന്റെ വളർച്ചക്കു ത്വരിതമായ പുരോഗമനം നൽകുന്ന ദൈവൈക്യജീവിതത്തിന്റെ പ്രധാന ഘടകങ്ങളായ നമ്മിലുള്ള ദൈവസാന്നിദ്ധ്യം, ഈശോയോടു നമുക്കുണ്ടാകേണ്ട ഏകീകരണം, അതിന്റെ പ്രയോജനങ്ങൾ ഇവയാകട്ടെ ഇന്നത്തെ നമ്മുടെ ധ്യാനവിഷയം.

ഒന്നാം ധ്യാനം

നമ്മിലുള്ള ദൈവസാന്നിദ്ധ്യം.

രൂപീകരണം: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവു അവനെ സ്നേഹിക്കയും ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടി വസി

ക്കയും ചെയ്യും." (വി. യോഹ. XIV. 23) എന്നു ഈശോ അരുളിച്ചെയ്യുന്നതു് കേവലം ക്കുന്നതായി ശ്രീകരിക്കുക.

അഭ്യർത്ഥന: നമ്മുടെ ആത്മാവിൽത്തന്നെ സ്നേഹവാസം ചെയ്യുന്ന ദൈവത്തോടു ഗാഢബന്ധത്തിൽ കഴിഞ്ഞുകൂടുന്നതിനു വേണ്ട അനുഗ്രഹം യാചിക്കുക.

ധ്യാനം: തത്വശാസ്ത്രികൾ വ്യവഹരിക്കാറുള്ളതുപോലെ ദൈവം സകല ചരാചരങ്ങളിലും തന്റെ പ്രവർത്തനം മൂലവും ശക്തിമൂലവും സത്തമൂലവും സന്നിഹിതനാകുന്നു. സകല വിശാലതയെയും ഉള്ളടക്കുമാറു് അപരിമിതമായ സർവ്വവ്യാപകത്വം ഉള്ളവനുമാണു് ദൈവം. ഇതിനാലത്രെ "കർത്താവെ! അങ്ങുന്നു് സ്വർഗ്ഗത്തിലും സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗത്തിലും അടങ്ങുന്നവനല്ല" (III രാജാ. VIII. 27) എന്ന വിജ്ഞാനഗ്രന്ഥം കീർത്തിക്കുന്നതു്. എല്ലായിടത്തും ഏതൊരു വസ്തുവിലും ദൈവസാന്നിദ്ധ്യം എപ്പോഴുമുണ്ടു്. വി. ഗ്രീഷ്മാ പറയുന്നതുപോലെ, "നാം തന്നിൽ ജീവിക്കുന്നു, ചരിക്കുന്നു സ്ഥിതിചെയ്യുന്നു" (നടപടി. 17. 28) മത്സ്യങ്ങൾ ജലത്തിൽ എന്നപോലെയൊ, അല്ല അതിലും ഗാഢമായ വിധത്തിൽ തന്നെയൊ, നാം ദൈവസാന്നിദ്ധ്യത്താൽ ആവൃതരായി ദൈവത്തിൽ ജീവിക്കുകയും ശ്വസിക്കയും ചെയ്യുന്നു.

പ്രസാദവരത്താൽ അലങ്കരിക്കപ്പെട്ട ഒരാത്മാവിൽ ദൈവം സ്ഥിതിചെയ്യുന്നതു് എത്രയും ഉപരിയായ ഒരു വിധത്തിലാണു്. "ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടി വസിക്കയും ചെയ്യും" എന്നാണു് ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു്. പിതാവും സുതനും പരിശുദ്ധാത്മാവിയും ആത്മാവിലേക്കു വരുന്നു. അത്യധികം തന്നെ സ്നേഹിക്കുന്ന ഒരു സ്നേഹിതനെപ്പോലെയാണു് ദൈവം വരുന്നതു്. ആത്മാവു് വാസ്തവത്തിൽ പരി: ത്രിത്വത്തിന്റെ ആലയമായിത്തീരുന്നു.

'ദൈവം ആത്മാവിലേക്കു് വരുന്നു' എന്നു പറയുമ്പോൾ മുൻപു ദൈവത്തിന്റെ സാന്നിദ്ധ്യം യാതൊരു വിധത്തിലും ഇല്ലാതിരുന്ന ഒരിടത്തേക്കു അവിടുന്നു വരുന്നു എന്നല്ല ധരിക്കേണ്ടതു്. ദൈവം ഒരിടത്തു സന്നിധി ചെയ്യുന്നു എന്നു പറയുന്നതു് അവിടെയുള്ള ദൈവത്തിന്റെ പ്രവൃത്തിയെ ആധാരമാക്കിയാണു്. എവിടെ ദൈവം പ്രവർത്തിക്കുന്നുവോ അവിടെ ദൈ

വസാന്നിദ്ധ്യം ഉണ്ട്. അതിനാൽ എവിടെ കൂടുതൽ പ്രവർത്തിക്കുന്നുവോ അവിടെ ദൈവം കൂടുതൽ സന്നിധിചെയ്യുന്നു എന്നു പറയാം. ദൈവത്തെ സ്നേഹിക്കുന്ന ആത്മാവിൽ ഒരു സ്നേഹിതൻ തന്റെ സ്നേഹിതനോട് എന്നവിധം ദൈവം പ്രവർത്തിക്കുന്നതിനാൽ അസ്തിത്വം, വിശേഷബുദ്ധി മുതലായ സ്വാഭാവിക ദാനങ്ങളും നൽകുന്നതിലും കൂടുതലായി ദൈവം പ്രവർത്തിക്കുന്നു എന്നു സ്പഷ്ടമാണല്ലൊ.

"നിങ്ങളും ദൈവത്തിന്റെ ആലയമാകുന്നു എന്നും, ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങളും അറിയുന്നില്ലയൊ?" (I. കൊറി. III. 16) എന്നു വി. പൌലോസ് ചോദിക്കുന്നതു പ്രസാദവരത്താൽ സമാലംകൃതമായ ആത്മാവിലുള്ള ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യത്തെപ്പറ്റിയാണു്.

എന്റെ സ്നേഹനാഥനായ ദൈവം എന്നിൽ വസിക്കുന്നു. ഞാൻ ജീവിക്കുന്ന ദൈവത്തിന്റെ സജീവസക്രാരിയാകുന്നു. ദൈവത്തിന്റെ ഇത്ര വലിയ ഔദാര്യത്തിനു പ്രതിപകരമായി ഞാൻ എന്താണു് ചെയ്യുന്നതു"? എന്നിലുള്ള ദൈവത്തിന്റെ സ്നേഹപൂർവ്വമായ സാന്നിദ്ധ്യത്തെ അനുസ്മരിച്ചുകൊണ്ടാണോ ഞാൻ ജീവിക്കുന്നതു"? എന്റെ സ്നേഹത്തെ യാചിച്ചുകൊണ്ടു, എന്റെ പാവപ്പെട്ട ആത്മാവിനെ തന്റെ സപ്തമാക്കിക്കൊണ്ടു, ഒരു സക്രാരിയിലെന്നപോലെ സത്യമായി എന്നിൽ കുടികൊള്ളുന്ന ദിവ്യസ്നേഹിതനെ ഞാൻ പലപ്പോഴും വിസ്മരിച്ചുകളയുകയല്ലെ ചെയ്തിട്ടുള്ളതു"? വി. അമ്മത്രേസ്യാ പറയുന്നതുപോലെ 'ദൈവത്തെ അന്വേഷിച്ചു സ്വർഗ്ഗത്തിലേക്കു പോകേണ്ട ആവശ്യമില്ല; താൻ നമ്മുടെ ഉള്ളിൽത്തന്നെയുണ്ടു്.' (Way of Perfection Ch. XXVIII) നമ്മെ വിശുദ്ധീകരിക്കുന്നതിനും ദൈവസ്നേഹത്താൽ നമ്മെ നിറയ്ക്കുന്നതിനും നമ്മെ സമ്പന്നരാക്കുന്നതിനും വേണ്ടിയാണു അവിടുന്നു നമ്മിൽ വസിക്കുന്നതു്. അങ്ങെ ദിവ്യദാനങ്ങൾക്കു അർഹരാകുവാൻ നമ്മെത്തന്നെ നാം ഒരുക്കുന്നുണ്ടോ? വി. അമ്മത്രേസ്യായുടെ അഭിപ്രായത്തിൽ അതു മാസംകൊണ്ടു, കൂടിയാൽ ഒരു വർഷത്തെ പരിശ്രമംകൊണ്ടു, നമ്മുടെ ഹൃദയത്തിൽവസിക്കുന്ന ദിവ്യസ്നേഹിതനോടുള്ള ഭക്തിയിൽ അഭ്യാസം പ്രാപിക്കാവുന്നതാണു്. (Way of Perfection Ch. XXIX) 'മിശിഹാനുകരണ' കർത്താവു പറയുന്നതുപോലെ "ഈശോയുമായി സംഭാഷിക്കുന്നതു് എങ്ങനെയെന്നറിയുന്നതു് ഒരു മഹാവിദ്യയാണു്." (മിശിഹാനുകരണം II. 8)

എന്റെ ദൈവമേ! നീ എന്റെ ഹൃദയത്തിൽ വസിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു എന്നിപ്രകാരം ദിവസത്തിൽ പലപ്പോഴും ചൊല്ലിക്കൊണ്ടു നല്ലദൈവം നമ്മിൽ വസിക്കുന്നു എന്ന വിശ്വാസം സജീവമാക്കുകയാണു് ആദ്യമായി ചെയ്യേണ്ടതു്. ഇതോടുകൂടി ഇടക്കിടെ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ടു, വി. ത്രേസ്യാരിന്റെ വാക്കുകളിൽ, "പരിശുദ്ധ ത്രിത്വമേ! എന്റെ ഭാഗ്യമേ, ഈശോയേ, എന്റെ സ്നേഹമേ" എന്നോ; "എന്റെ ദൈവമേ! നിന്നെ ഞാൻ സ്നേഹിക്കുന്നു. 'കർത്താവെ, നിന്റെ വഴികളെ എന്നെ പഠിപ്പിക്കേണമെ." എന്നിപ്രകാരമൊ ഉള്ള പ്രകരണങ്ങൾ ചെയ്തുകൊണ്ടു ദൈവവുമായി ഐക്യം പുലർത്തുവാൻ ശ്രമിക്കുക. പ്രാർത്ഥനസമയത്തു ആവശ്യമായ ഏകാഗ്രചിത്തത ലഭിക്കുവാൻ കണ്ണുകൾ അടച്ചുകൊണ്ടു പ്രാർത്ഥിച്ചു തുടങ്ങുവാൻ വി. ത്രേസ്യ തന്റെ ആത്മീയ മക്കളെ ഉപദേശിച്ചിരുന്നു. (Way of Perfection Ch. XXVIII) ദുഃഖങ്ങളിലെന്നപോലെ സന്തോഷങ്ങളിലും കർത്താവുമായി സംസാരിപ്പാൻ ശീലിക്കണം. അങ്ങനെ ചെയ്യുവരുന്നുണ്ടോ എന്നു സ്വയം പരിശോധിക്കുക. നാളതുവരെ വന്നുപോയിട്ടുള്ള അലസത പരിഹരിപ്പാൻ തക്ക പ്രതിജ്ഞ ചെയ്യുക.

സംഭാഷണം: എന്റെ നാഥനും സുഹൃത്തുമായുള്ളോവേ! അശുകണങ്ങൾ പൊഴിക്കാതെയൊ, ആത്മാവിൽ ആനന്ദമില്ലാതെയൊ ഈ വാക്കുകളുച്ചരിക്കാൻ എങ്ങനെ എനിക്കു കഴിയും? എന്തെന്നാൽ അങ്ങു ഞങ്ങളോടുകൂടി വസിക്കുന്നു. ഏറ്റം ഉറപ്പായി ഞങ്ങൾക്കു വിശ്വസിക്കാവുന്ന ഒരു പരമസത്യമത്രെ ഇതു്. മാത്രമൊ?, ഞങ്ങളുടെ പാപങ്ങൾ തടയാത്തിടത്തോളം ഞങ്ങളുടെ ആത്മാവിൽത്തന്നെ അങ്ങു വസിക്കുന്നു. ഇതെന്തൊരത്ഭുതം! ഇതാ ആകാശങ്ങളിൽ വലിയ ആകാശത്തിനു അങ്ങെ അടക്കിക്കൊള്ളുന്നതിനു സാധിക്കുന്നില്ല. എന്നാലും "ഞങ്ങൾ അവന്റെ അടുക്കൽവന്നു അവനോടുകൂടി വസിക്കും." എന്നു അവിടുന്നു അരുളിച്ചെയ്തുകൊണ്ടു് ഈ അയോഗ്യനായ എന്റെ ആത്മാവിലും വന്നു വസിക്കുന്നു! എന്റെ ആനന്ദം അങ്ങയിൽ കണ്ടെത്തുവാൻ ഇഹത്തിലും എനിക്കു സാധിക്കും. അങ്ങയുടെ സന്തോഷം മനുഷ്യമക്കളോടുകൂടെ ആയിരിക്കുന്നതാണെന്നു അങ്ങു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. എന്റെ സ്നേഹനാഥാ! ഇതിന്റെ അർത്ഥമെ

ഞ്ഞ്? ത്രിലോകനാഥനായ ദൈവമേ, അങ്ങെ തിരുക്കുമാരനിൽ അങ്ങു പ്രസാദിച്ചതുപോലെ ഞങ്ങളിലും പ്രസാദിക്കുന്നുവെന്നോ? അറപ്പും വെറുപ്പും ജനിപ്പിക്കുന്ന നീച കൃമിയായ എന്റെ അടുക്കലേക്കു വരുവാനും എന്നിൽ അങ്ങെ സന്തോഷം കണ്ടെത്തുവാനും സാധിക്കുന്നതെങ്ങനെ? ഇതു എനിക്കു എത്ര അഗ്രാഹ്യമായി തോന്നിയാലും ഇതു പരമസത്യമത്രെ. എന്റെ ആത്മാവും ഒരു ചെറിയ സ്വർഗ്ഗംതന്നെ! എന്റെ ആനന്ദം മുഴുവൻ ഈ ദിവ്യസാന്നിദ്ധ്യത്തിൽ ഞാനും കണ്ടെത്തുന്നതാണു്. സ്വർഗ്ഗീയനായ ദൈവമേ, എന്നെ അങ്ങെ അടുക്കലേക്കു വലിച്ചടുപ്പിക്കുക. അങ്ങെ തിരുമുഖം എന്നെ ഒന്നു കാണിക്കുക. എനിക്കതുമതി. ഇതാ നിന്നെ നോക്കുവാൻപോലും യോഗ്യതയില്ലാത്ത എന്റെ അടുക്കലേക്കു നീ കനിയുന്നു; ഇതാ നീ എന്റെ അടുക്കൽ വരുന്നു; എന്നോടുകൂടെ ഇരിക്കുവാൻ നീ തിരുമനസ്സാകുന്നു—ദിവ്യപ്രസാദവരത്തിന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

രണ്ടാം ധ്യാനം

ഈശോയോടു നമുക്കുണ്ടാകേണ്ട ഏകീകരണം

ശുപീകരണം: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും" എന്നു ഈശോ അരുളിച്ചെയ്യുന്നതു് കേൾക്കുന്നതായി വിചാരിക്കുക.

അഭ്യർത്ഥന: ഈശോയോടു പൂർണ്ണമായി ചേരുന്നതിനു വേണ്ട കൃപ അപേക്ഷിക്കുക.

ധ്യാനം: കഴിഞ്ഞ ധ്യാനത്തിൽ കണ്ടതുപോലെ പ്രസാദവരമുള്ള ആത്മാവിൽ, അതിന്റെ വണക്കവും സ്നേഹവും സ്വീകരിക്കുന്നതിനായി, ദൈവം സദാ വസിക്കുന്നു. എന്നാൽ ഈ വാസത്തി

ൽ ഇതിലും പ്രധാനമായ ഒരുദ്ദേശ്യംകൂടി ദൈവത്തിനുണ്ട്. അതാകട്ടെ ആത്മാവു സ്വയം രൂപാന്തരപ്പെട്ടുത്തി തന്നിക്കുതന്നെ ആത്മികമായി മരിച്ചു, ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനും ഒരു വിധത്തിൽ ദൈവികമാകുന്നതിനും അതിനെ സഹായിക്കുക എന്നതാണ്. അതേ, ഇതിനുവേണ്ടി കൂടെയാണ് ദൈവം ആത്മാവിൽ കുടികൊള്ളുന്നതു്.

ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു എന്തു പരിവർത്തനമാണ് നമ്മിൽ വരുത്തേണ്ടതു്? ദൈവത്തിനു ഏറ്റവും പ്രസാദമുള്ളവരായി നാം രൂപാന്തരപ്പെടുന്നതിനുള്ള ആദർശം തന്നിക്കു ഏറ്റവും പ്രസാദിച്ച തന്റെ ഏക സുതനോടു സാദൃശ്യമുള്ളവരായിത്തീരുകയാകുന്നു. നിത്യപിതാവുതന്നെ ഈശോയെ നമ്മുടെ ആദർശമായി തന്നിരിക്കുന്നു. മ്ശിഹായുടെ രൂപാന്തരീകരണാവസരത്തിൽ അവിടുന്നു പറയുന്നു: "എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു; ഇവന്റെ വാക്കുകൾ നിങ്ങൾ കേൾക്കുവിൻ." (വി. മത്തായി XVII, 5) ഈശോ തന്നെയും നമുക്കു ദൃഷ്ടാന്തമായി സ്വയം കാണിച്ചുതന്നിട്ടുണ്ട്. ശിഷ്യരുടെ കാലുകൾ കഴുകിയശേഷം അവരോടു താൻ പറയുന്നു. "ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഈ ദൃഷ്ടാന്തം നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു. (വി. യോഹ. XIII, 15) "എന്നിൽനിന്നു നിങ്ങൾ പഠിക്കുവിൻ" (വി. മത്താ. XI 29) എന്നു വേറൊരവസരത്തിൽ താൻ അരുളിച്ചെയ്തിട്ടുണ്ടു്. അതിനാലാണ് വി. പൌലോസ് പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുക, (കൊല: III 2–10) ഈശോമിശിഹായെ ധരിക്കുക, (ഗാല. III, 27) മിശിഹായുടെ അവയവങ്ങളായിരിക്കുക, (1 കൊറി. XI, 27) എന്നിങ്ങനെ തന്റെ ലേഖനങ്ങളിൽ ആവർത്തിച്ചാവർത്തിച്ചു പലവിധത്തിൽ ഈശോയോടുകൂടിയുള്ള ഏകീകരണത്തെ ആസ്പദമാക്കി പ്രസ്താവിക്കുന്നതു. മാത്രമൊ? "എന്റെ മക്കളെ മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ വീണ്ടും പ്രസവവേദന അനുഭവിക്കുന്നു" എന്നു ഗാലത്തായക്കാർക്കു (IV, 9) അദ്ദേഹം എഴുതി.

ഈശോമിശിഹാ തന്റെ പരമപിതാവിന്റെ നേരെയുള്ള സ്നേഹത്താൽ പ്രേരിതനായിട്ടാണല്ലൊ മനുഷ്യാവതാരം ചെയ്തതു്. തന്റെ ജീവിതകാലത്തിലെ സകല പ്രവൃത്തികളും കുരിശിന്മേൽ അർപ്പിച്ച പരമയാഗവും സ്നേഹത്താൽ പ്രചോദിതമായിരുന്നു. സ്വർഗ്ഗത്തിൽ താൻ മഹത്വമനുഭവിക്കുന്നു. ഇപ്പോ

ഴാകട്ടെ തന്റെ സ്നേഹജീവിതം ഇഹത്തിൽ തുടർന്നുകൊണ്ടുപോകുന്നതിനുള്ള തന്റെ അഭിലാഷം സാധിക്കുന്നതിന് അനേക ലക്ഷ്യം ആത്മാക്കളോടു പ്രസാദവരംമൂലം താൻ യോജിക്കുന്നു. തന്റെ മനുഷ്യാവതാരത്തിൽ രണ്ടു സ്വഭാവങ്ങൾ ഒരു ദിവ്യ ആളിൽ യോജിച്ചതുപോലെയല്ല എന്നിരുന്നാലും വളരെ ശാശ്വതവും അവാച്യവുമായ ഈ ഐക്യംമൂലം ആത്മാവു് ഒരുവിധത്തിൽ ദൈവികമായിത്തീരുന്നു. ഓരോ ആത്മാവിലും ഈശോ തന്റെ ദൈവികജീവിതത്തിലെന്നപോലെ പരമപിതാവിനെ സ്നേഹിക്കുകയും അങ്ങേ മഹത്വത്തിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്യുന്നതിനു തിരുമനസ്സായിരിക്കുന്നു.

ഇനി, നമ്മുടെ ഭാഗത്തുനിന്നും എന്താണു് വേണ്ടതെന്നുകൂടി നു ചിന്തിക്കാം. ഈശോയുടെ ഉദ്ദേശ്യം സാധിക്കുന്നതിന് നാം എന്താണ് ചെയ്യേണ്ടതു്? ഒരു കാര്യം മാത്രം: നമ്മുടെ ഓരോ പ്രാർത്ഥനയിലും സ്നേഹപ്രകരണത്തിലും നാം അനുഭവിക്കുന്ന ഓരോ പീഡയിലും നാം മിശിഹാ ആകുന്നു, എന്ന വിചാരം നമ്മിൽ ഉണ്ടായിരിക്കട്ടെ. ഈശോ നമ്മിലും നാം വഴിയായിട്ടും പ്രവർത്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹിക്കുന്നതിനും സ്നേഹിക്കുന്നതിനും ആഗ്രഹിക്കുന്നു എന്ന ചിന്ത ഈശോയുടെ പ്രവൃത്തികളിലും പ്രാർത്ഥനകളിലും സഹനങ്ങളിലും അങ്ങേക്കു പ്രചോദനം നൽകിയ നിസ്സീമമായ ആഗ്രഹങ്ങളും നമ്മിലേക്കു പകർത്തുന്നതിനുള്ള ഉത്തമമാർഗ്ഗമാണ്. നമ്മെത്തന്നെ മിശിഹായ്ക്കു സമർപ്പിക്കയും പരിപൂർണ്ണമായ വിധേയത്വത്തോടെ നാം അവിടത്തെ ഒരു ഉപകരണം മാത്രമായിത്തീരുകയുംവേണം. ഇതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. "പൌലോസിന്റെ ഹൃദയം മിശിഹായുടെ ഹൃദയമാകുന്നു." എന്നു വി. ഗ്രീഹായെപ്പറ്റി പറയത്തക്കവണ്ണം അത്ര പൂർണ്ണമായിരുന്ന അദ്ദേഹത്തിനു മിശിഹായോടുണ്ടായിരുന്ന ഐക്യം. തന്നെപ്പറ്റി "ഇനി ഞാനല്ല ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു." (ഗാല. II 20) എന്നു രേഖപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. നാം വളരെ ഫലങ്ങൾ പുറപ്പെടുത്തുന്നതിനു് ഈശോയുമായി ഏതു ശാശ്വതമായ ഐക്യം ആവശ്യമാകുന്നു എന്നു് നമ്മെ മനസ്സിലാക്കുവാനാണ്, അവിടുന്നു ഒടുവിലത്തെ അത്താഴത്തിനുശേഷം നടത്തിയ സംഭാഷണത്തിൽ മുന്തിരിവള്ളിയുടേയും കൊമ്പുകളുടെയും ഉപമ അരുളിച്ചെയ്തതു്.

'ഈശോയ്ക്കുവേണ്ടി ജീവിക്കുക,' കൂടെക്കൂടെ കൃത്യമായിട്ടു പറഞ്ഞാൽ 'എന്നിൽ ജീവിക്കുന്നതിനു ഈശോയെ അനുവദിക്കുക',

ഹാ! ഇതു് എത്ര മോശപ്പെട്ട ജീവിതമാണു്! ഈശോയോടുകൂടി ഏകീകരണംപ്രാപിച്ച ആത്മാവിന്റെ പ്രാർത്ഥന നിസ്വാർത്ഥമാണു്. മുൻപു അവൾ ചെയ്തിരുന്നതുപോലെ തനിക്കും മറ്റുള്ളവർക്കും വേണ്ടി അനുഗ്രഹങ്ങൾ യാചിക്കുകയല്ല പ്രധാനമായി ഇപ്പോൾ ചെയ്യുന്നതു്. പ്രകൃത സ്നേഹനാഥനായ ഈശോയുടെ പരിപൂർണ്ണതകളെപ്പറ്റി ധ്യാനിക്കുന്നതിനു അവൾ കൂടുതൽ പ്രതിപത്തി പ്രദർശിപ്പിക്കുന്നു. അവൾ ഈശോയോടു മാത്രമല്ല, സച്ചിതാനന്ദത്രിത്വത്തോടും പരിശുദ്ധാത്മാവിനോടും നിരന്തരം പ്രാർത്ഥിക്കുന്നു. പ്രധാനമായി വാക്കുമൂലമല്ല ഇപ്പോൾ അവൾ പ്രാർത്ഥിക്കുന്നതു്. വി. കൊച്ചുത്രേസ്യാ പറയുന്നതുപോലെ, "സച്ചിത്തിലേക്കുള്ള ഒരു നോട്ടം; പരീക്ഷകളിൽ എന്നതുപോലെ സന്തോഷത്തിലും ഹൃദയത്തിൽനിന്നു പുറപ്പെടുന്ന നന്ദിയുടെയും സ്നേഹത്തിന്റെയും ഒരു നെടുവീർപ്പ്" ഇവ പ്രാർത്ഥനയാണു്. ഈശോയ്ക്കുവേണ്ടി ജീവിക്കുവാൻ ഒരു ആത്മാവു പരിശ്രമിക്കുമ്പോൾ സകല പുണ്യങ്ങളിലും ശ്രീത്രുത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും തുടങ്ങുന്നു എന്നു ചുരുക്കി പറയാം.

സംഭാഷണം: എന്റെ ആത്മാവിന്റെ ജീവനായ മിശിഹായേ, അങ്ങയോടു എന്നെ ഗാഢമായി ബന്ധിക്കേണമെ. നിന്നെമാത്രം കണ്ടെത്തി, എന്റെ ഹൃദയം മുഴുവൻ നിനക്കു തന്നു തന്നു, എന്റെ ആത്മാവു ആഗ്രഹിക്കുന്നതുപോലെ നിന്നെ ആസ്വദിക്കാനും നിന്റെ ജീവൻ കൊണ്ടുതന്നെ ജീവിക്കാനും, മേലാൽ വേറെ യാതൊന്നും എന്നെ വശീകരിക്കയോ, യാതൊരു സൃഷ്ടിയും എന്നെ ഇളക്കുകയൊ ചെയ്യാതെയും, എന്നെ നിന്നിൽനിന്നു അണുപോലും തിരിക്കാതെയും, സ്നേഹിതൻ സ്നേഹിതനോടു സംസാരിക്കുന്നതുപോലെയും, സ്നേഹി സ്നേഹിയോടൊരുമിച്ചു സഹവസിക്കാറുള്ളതുപോലെയും നീ മാത്രം എന്നോടും ഞാൻ നിന്നോടുമാത്രവും സംസാരിക്കാനും ആയ് എനിക്കു ഇടയാകും? ഞാൻ നിന്നോടു എന്നെ മുഴുവൻ യോജിപ്പിച്ചു. എല്ലാസൃഷ്ടികളിൽനിന്നും എന്റെ ഹൃദയത്തെ വേർതിരിച്ചും സ്വതന്ത്രീയവും നിത്യവുമായവയിൽ അധികമായി രസിക്കുന്നതിനു പഠിക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും.

മൂന്നാം ധ്യാനം

ഈശോയോടുള്ള ഏകീകരണത്തിന്റെ പ്രയോജനം

രൂപീകരണം: ക്രൂശിതനായ മിശിഹാ പ്രത്യക്ഷീഭൂതനായി, വലതുകരം ആണിപ്പഴുതിൽനിന്നൂരി അതുകൊണ്ടു അസീസിയിലെ വി. ഫ്രാൻസിസിനെ ആശ്ലേഷിക്കുന്നതും, അദ്ദേഹത്തെ മാറോടു ചേർത്തു പിടിക്കുന്നതുമായ ചിത്രം രൂപീകരിക്കുക. ഒരു നല്ല സന്ന്യാസിയുടെ ചിത്രമാണിതു്.

അഭ്യർത്ഥന: ഈശോയോടുള്ള ഏകീകരണത്തിന്റെ അനുഗ്രഹീത ഫലങ്ങളെ ആസ്വദിക്കുന്നതിനു വേണ്ട കൃപ യാചിക്കുക.

ധ്യാനം: 'മിശിഹായോടുള്ള ആദ്ധ്യാത്മിക ഏകീകരണം മൂലം ഒരു ആത്മാവിനുളവാകുന്ന പ്രയോജനങ്ങൾ നിരവധിയാണു്. അവയിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

ദിവൈകൃത്തിന്റെ ഫലമാകുന്ന സ്നേഹചൈതന്യം ആത്മാവു അഭ്യസിക്കുന്ന സകല പുണ്യങ്ങളെയും സജീവമാക്കുന്നു. ദൈവപരിപൂർണ്ണതകളെപ്പറ്റി സ്നേഹപൂർവ്വം ധ്യാനിക്കുന്നതിൽ അതു സന്തോഷം കണ്ടെത്തുന്നു. പ്രകൃതിയിൽ അതു കാണുന്ന സകലത്തിലും ദൈവത്തിന്റെ മഹത്വവും സൗന്ദര്യവും ജ്ഞാനവും ഭാഗ്യവും അതിനു അനുഭവപ്പെടുന്നു.

ദൈവത്തിൽ ആനന്ദിക്കുവാൻ ആത്മാവിനു സാധിക്കുന്നു. "ദൈവം ഭോഗ്യമനുഭവിക്കുന്നു, ദൈവം ദൈവമാകുന്നു." എന്ന ചിന്ത അതിനെ എന്തെന്നില്ലാത്തവിധത്തിൽ ആനന്ദിപ്പിക്കുന്നു. പരിശുദ്ധത്രിത്വത്തിലെ മൂന്നു ദിവ്യാളുകളും തമ്മിലുള്ള വണക്കം, സ്വർഗ്ഗപിതാവിന്റെ സ്നേഹം, ശക്തി, ജ്ഞാനം മുതലായ പരിപൂർണ്ണതകളും, സ്വർഗ്ഗപിതാവിന്റെയും ഈശോയുടെയും പരസ്പരമുള്ള സ്നേഹം, ഈശോയ്ക്കു തന്റെ മാതാവായ പരി. കന്യകമറിയത്തോടുള്ള നിസ്സീമമായ സ്നേഹം ഇവ ഓരോന്നും ആത്മാവിനെ ആനന്ദത്തിൽ ആറാടിക്കുന്ന ചിന്തയാണു്.

ഒരാത്മാവിന്റെ ആദ്ധ്യാത്മിക ജീവിതം ദൈവപ്രേരണകളോടുള്ള പൂർണ്ണമായ വിധേയത്വത്തിൽ അടങ്ങിയിരിക്കുന്നു. എളിമയോ, ക്ഷമയോ, മറ്റേതെങ്കിലും പ്രത്യേക പുണ്യമൊ അല്ല അവളുടെ പ്രധാനമായ ശ്രദ്ധാവിഷയം. സകല പുണ്യവും അടക്കിക്കൊള്ളുന്ന ദൈവസ്നേഹത്തോടുള്ള സ്നേഹപൂർവ്വമായ വിധേയത്വംമൂലം സ്വയം ഇല്ലായ്മയാക്കി ഈശോ അവളിൽ സമ്പൂർണ്ണമായിത്തീരുവാൻ ആത്മാവു പരിശ്രമിക്കുന്നു. "അവൻ വളരുകയും ഞാൻ കുറയുകയും വേണം." (വി. യോഹ. III 30) ഇതാണ് അവളുടെ ആദർശം. "ഇനി ഞാനല്ല ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു." (ഗാല. II 20) എന്നുള്ള വി. ഗ്രന്ഥകാരന്റെ വാക്കുകൾ അവളിൽ നിറവേറണമെന്നാണു അവളുടെ ഉദ്ദേശ്യം. ക്രിസ്ത്യാനി വേറൊരു ക്രിസ്തുവായിത്തീരേണ്ടതാണല്ലൊ. "മിശിഹാ ഈ പ്രവൃത്തി എങ്ങനെ ചെയ്യുമായിരുന്നു." എന്നു വിശുദ്ധ വിൻസന്റ് ഡി പോളിനെ അനുകരിച്ചു ഓരോ പ്രവൃത്തിക്കും മുൻപു അവൾ തന്നോടുതന്നെ ചോദിക്കുന്നു.

മുൻപു്, ഓരോ പുണ്യത്തിന്റെ പ്രയോജനത്തെയും മനോഹരതയേയും പറ്റി സൂക്ഷ്മമായി പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ആത്മാവു ഇഷ്ടപ്പെട്ടിരുന്നു. അതുപോലെ ഉയർന്ന പുണ്യങ്ങളുടെ അഭ്യസനത്തിൽ, മാതൃക നോക്കി ചിത്രം വരക്കുന്നവനെപ്പോലെ, പുറമെ ഈശോയെക്കണ്ടു അങ്ങയെ അനുകരിക്കുന്നതിനു പരിശ്രമിച്ചിരുന്നു. ഇപ്പോൾ ഈശോയെ അനുകരിക്കുക എന്നുവച്ചാൽ ഈശോയെ തന്നിലേക്കു പകർത്തുക എന്നല്ല, ഈശോയിലേക്കു സ്വയം പരിവർത്തനം ചെയ്യുക, ഈശോയുമായി ഒന്നായിത്തീരുക, കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ, ആദ്ധ്യാത്മികമായി ഈശോ ആയിത്തീരുക എന്നതാണെന്നു അവൾ ധരിക്കുന്നു. എല്ലാ പുണ്യങ്ങളുടെയും അഭ്യസനം മഹത്തായ ഈ പരിവർത്തനത്തിൽ അടങ്ങിയിട്ടുണ്ടു്. സ്വയം വിസ്മരിക്കുന്നതിനു ആ ആത്മാവിനു ഇപ്പോൾ പ്രയാസമില്ല. കാരണം, വി. മഗ്ദലീത്താ അലക്കോക്കിനു ദിവ്യരക്ഷകൻ നൽകിയ ഉപദേശം അതു ശിരസാവഹിക്കുന്നു. "നിന്നെത്തന്നെ പൂർണ്ണമായി വിസ്മരിക്കുക. അപ്പോൾ നിന്നെപ്പറ്റി ഞാൻ ചിന്തിക്കുന്നതാണു്."

ഒരു സന്യാസിയുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഈശോയുമായുള്ള ഏകീകരണംപോലെ അതു പറ്റിയ ഒരു പ്രവർത്തന പരിപാടി വേറെയില്ലതന്നെ. ദൈവവിളിയും ജീവിതരീതിയും മൂലം ഈശോയുടെ ജീവിതത്തോടു സന്യാസിയുടെ ജീവിതം പ്ര

തൃകവിധം സാരൂപ്യം വഹിക്കുന്നു. അതിനാൽ അയാളുടെ ആഭ്യന്തരജീവിതം ബാഹ്യജീവിതത്തോടു ഒത്തിണങ്ങിയിരിക്കുന്നു. അനുദിനം വൈദികൻ കൂദാശചെയ്യുന്ന അപ്പം ഈശോമിശിഹാ ആയിത്തീരുന്നതുപോലെ സന്ന്യാസിയും ആഭ്യന്തരമായി ഈശോ ആയിത്തീരേണ്ടതത്രെ. എന്നാൽ നിന്റെ അനുദിനജീവിതത്തിൽ ഇപ്രകാരമായിത്തീരുവാൻ നീ എത്രത്തോളം യത്നിക്കുന്നുണ്ടെന്നു പരിശോധിച്ചുനോക്കുക.

സംഭാഷണം: ഈശോയേ, എന്റെ ദൈവമേ, എന്റെ സമസ്തവുമേ, എന്റെ ജീവനേ, എന്റെ സന്തോഷമേ, ഞാൻ എപ്പോഴും നിന്നോടു മുഴുവനായി യോജിച്ചു നിന്നിൽ ലയിച്ചു എന്നെ മുഴുവനായി മറക്കും? നീ എന്നിലും, ഞാൻ നിന്നിലും, ഇപ്രകാരം നാം സദാ ഒന്നായിരിക്കാൻ കൃപചെയ്യേണമേ. സത്യമായും നീ എന്റെ പ്രിയനാകുന്നു; പതിനായിരംപേരിൽ ഏറ്റം ഉൽകൃഷ്ടനും എന്റെ ആത്മാവിനു അതിന്റെ ജീവിതകാലം മുഴുവൻ സഹവസിക്കുവാൻ ഇഷ്ടമുള്ളവനുമാകുന്നു. സത്യമായി നീ എന്നെ സമാധാനപ്പെടുത്തുന്നവനുമാകുന്നു. നിന്നിലത്രെ പരമസമാധാനവും സത്യമായ ആശ്വാസവും. നിന്നെ വിട്ടു വെളിയിലായാൽ അവിടെ അജ്ഞാനവും ദുഃഖവും അളവില്ലാത്ത കഷ്ടതയും അത്രെ. സത്യമായി നീ മറഞ്ഞിരിക്കുന്ന ദൈവമാകുന്നു. എന്റെ ഹൃദയം മുഴുവനായി ഈശോയ്ക്കു കൊടുത്തു തന്നോടു ഗാഢമായി അതിനെ യോജിപ്പിക്കുന്നതിനെക്കാൾ എനിക്കു കൊടുക്കാവുന്നതും തനിക്കു കൂടുതൽ പ്രസാദകരമായതും ഒന്നുമില്ല. എന്റെ ആത്മാവു ഈശോയോടു പൂർണ്ണമായി ചേർന്നിരിക്കുമ്പോൾ എന്റെ ഉള്ളിലുള്ള സമസ്തവും പരമാനന്ദം പ്രാപിക്കും. അപ്പോൾ ഈശോയോടുകൂടെ ഇരിക്കുന്നതു ക്ലേശങ്ങളുടെ ഇടയിൽ പോലും മധുരമുള്ള പദവിസായാണെന്നു എനിക്കു ബോദ്ധ്യമാകും.

തിരുഹൃദയഭക്തി

1. ഈ ഭക്തിയുടെ പുരാതനത്വം

ദൈവപുത്രനായ ഈശോയുടെ തിരുഹൃദയത്തോടുള്ള വിശേഷവണക്കം ക്രൈസ്തവലോകത്തിലെ ഏറ്റവും പുരാതനമായ ഒരനുഷ്ഠാനമാകുന്നു. പരി. കന്യകമറിയം തന്റെ കുമാരനായ ഈശോയുടെ തിരുഹൃദയത്തെ ആരാധിച്ചു ആനന്ദപരവശയായിരുന്നകാലത്തു വിശുദ്ധകൂദാശകളും മറ്റു ഭക്തിവിഷയങ്ങളും ഉണ്ടായിരുന്നില്ല. വി. യൗസേപ്പും ആ ഹൃദയത്തെ ഭക്തിസ്നേഹപാരവശ്യത്താൽ മാറണച്ചുകഴിഞ്ഞിരുന്നു. അതേകാലഘട്ടത്തിൽതന്നെ ഇടയന്മാരും പൂജരാജാക്കന്മാരും ശിമെയോൻ, അന്ന എന്ന മഹാത്മാക്കളും, ശ്ലീഹന്മാർ, ശിഷ്യന്മാർ എന്നിവരും ആ ഹൃദയത്തിങ്കലേക്കും ആ ഹൃദയത്താലും ആകൃഷ്ടരായിരുന്നു. അവരുടെ ഹൃദയാന്തർഭാഗത്തു കുടികൊണ്ടിരുന്ന സ്നേഹവാത്സല്യങ്ങളും ആ തിരുഹൃദയത്തിന്റെ നേർക്കു പ്രദർശിപ്പിക്കുന്നതിനു അവർ സൗകര്യമായി കാത്തിരുന്നിരുന്നു.

എന്നാൽ താൻ 'ശാന്തശീലനും വിനീതഹൃദയനു'മാണെന്നു എല്ലാവരും മനസ്സിലാക്കേണ്ടതിനു അവിടുന്നു ആഗ്രഹിക്കയും ദിവ്യകാരുണ്യകൂദാശയെന്ന തന്റെ വിശിഷ്ടദാനത്തെ അവിടുത്തെ ഹൃദയഭണ്ഡാഗാരത്തിൽനിന്നു കോരിത്തരികയും, അവസാനം, കുരിശിന്മേൽ തന്റെ ഹൃദയം പിളർക്കപ്പെടണമെന്നും അതു് എല്ലാവർക്കും ഒരു അഭയസ്ഥാനമായി തുറന്നുകിടക്കണമെന്നും തിരുവുള്ളമാകയും ചെയ്തപ്പോഴാണു് തന്റെ ഹൃദയത്തിന്റെ നേർക്കുള്ള ഭക്തി ജനങ്ങളുടെ ഇടയിൽ വിസ്മയനീയമായി വർദ്ധിച്ചതു്. ആദിമകാലങ്ങളിൽ ഈശോയുടെ തിരുവിലാവിലെ തിരുമുറിവിനോടു, അഥവാ കുന്തംകൊൽ തുറക്കപ്പെട്ട ഹൃദയത്തോടായിരുന്നു വണക്കം പ്രദർശിപ്പിച്ചിരുന്നതു്.

മദ്ധ്യശതകങ്ങളിൽ വി. ജെർത്രൂദും വി. മെക്റ്റിൽഡും ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയിൽ അദ്വിതീയരായിരുന്നു. ഈ വിശുദ്ധകർമ്മം ബെനഡിക്ടൻ സഭയിൽ നിവർത്തിച്ചതു് ലാൻസ്ബെർഗർ (Lansberger * 1539) എന്ന ദേഹം കർത്തു

സ്ഥാൻസഭയിൽ നിവ്വഹിച്ചു. വി. മഗ്ദലീത്താക്കുണ്ടായ വെളിപാടുകൾക്കു ഒന്നര ശതാബ്ദങ്ങൾക്കു മുമ്പുതന്നെ തിരുഹൃദയഭക്തി ഇള്ളേഫം അറിഞ്ഞു അഭ്യസിക്കുകയും ഇള്ളേഫത്തിന്റെ വാക്കുകൊണ്ടും തിരുഹൃദയത്തിന്റെ പടങ്ങൾ വിതരണം ചെയ്തുകൊണ്ടും മറവും പ്രചരിപ്പിക്കയുംചെയ്തു. വി. ബൊനവെന്തുരാ, വി. എൽസിയർ, വി. പീറ്റർ കനീസിയൂസ്, വി. ഫ്രയിസ് ഗൊൺസാഗാ എന്നിവരും തിരുഹൃദയത്തെ പ്രത്യേകം വണങ്ങിയിരുന്നു. 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുഹൃദയഭക്തിയിൽ അദ്വിതീയരായിരുന്ന രണ്ടുമഹാത്മാക്കളാണ്. വി. ജോൺ എവുദേസും, വി. ഫ്രാൻസീസ് സാലെസും.

2. തിരുഹൃദയഭക്തിയുടെ ഉത്ഭവവും പ്രചാരവും

പലപ്പോഴും നിസ്സാരമായ ഉപകരണങ്ങൾകൊണ്ടാണല്ലൊ ദൈവം വലിയ കാര്യങ്ങൾ നിവ്വഹിക്കാറുള്ളതു്. 13-ാം നൂറ്റാണ്ടിൽ വി. കുഞ്ഞാനയുടെ തിരുനാൾ സ്ഥാപനാർത്ഥം ദൈവശാസ്ത്രകോവിദന്മാരായിരുന്ന വി. തോമാമല്ലാനെയൊ,, വി. ബൊനവെന്തുരായെയൊ അല്ല ദൈവം തിരഞ്ഞെടുത്തതു്. പ്രത്യുത, അബലയായ ജൂലിയാന എന്ന ഒരു പാവപ്പെട്ട കന്യകയെയാണു്. അപ്രകാരംതന്നെ തിരുഹൃദയഭക്തി ലോകത്തിൽ പ്രചരിപ്പിക്കുന്നതിനു അബലയായ ഒരു കന്യകയെ, വി. മഗ്ദലീത്താ അലക്കോക്കിനെയാണ് ദൈവം തിരഞ്ഞെടുത്തതു്. ചെറുപ്പംമുതൽ ദൈവം ഇവളെ ഒരുക്കുകയും ഉപദേശങ്ങളും വെളിപാടുകളും മൂലം തിരുഹൃദയത്തിന്റെ നിക്ഷേപങ്ങളെ ലോകത്തിനു ഇവളിലൂടെ വെളിപ്പെടുത്തുകയും ചെയ്തു.

ഒരുദിവസം പരി. കുഞ്ഞാനയുടെ പക്കൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ നാം കർത്താവു വിശ്വാസ്യക്കു കാണപ്പെട്ടുകൊണ്ടു മനുഷ്യരുടെ നന്ദികേടിനെപ്പറ്റി സങ്കടത്തോടെ ആവലാധിപ്പെടുകയും തന്റെ ഹൃദയത്തെ മേലിൽ അവിടെ എപ്രകാരമാണു് വണങ്ങേണ്ടതെന്നു വെളിപ്പെടുത്തുകയുംചെയ്തു. അനുവാദം ലഭിക്കുമ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കുക; മാസത്തിന്റെ ആദ്യവെള്ളിയാഴ്ച അപ്രകാരം ചെയ്യുക; ഓരോ ആഴ്ചയിലും വ്യാഴാഴ്ച രാത്രി 11 മണിമുതൽ അർദ്ധരാത്രിവരെ സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ടു തന്നോടുകൂടെ യോജിച്ചു പാപികൾക്കുവേ

ണ്ടി പ്രാർത്ഥിക്കുക ഇവയെല്ലാമായിരുന്നു അവിടുത്തെ നിർദ്ദേശങ്ങൾ.

1675 ജൂൺ 16–ാംനു- ന. കർത്താവു വിശ്വാസികളെ പ്രത്യക്ഷനായി തന്റെ ഹൃദയത്തെ കാണിച്ചുകൊണ്ടു ഇങ്ങനെ അരുളിച്ചെയ്തു: "കണ്ടാലും മനുഷ്യരെ ഇത്രയധികം സ്നേഹിച്ച ഹൃദയം.... ഇതിനുപകരം ഈ സ്നേഹത്തിന്റെ കൂടാരയിൽ എന്റെനേരെ പ്രദർശിപ്പിക്കുന്ന നിന്ദനങ്ങളും, ദൈവദ്രോഹങ്ങളും, മന്ദതയും മൂലമുള്ള നന്ദികേടുമാത്രമാണ് എനിക്കു ലഭിക്കുന്നതു്. എനിക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾക്കുടെയും ഇപ്രകാരം വർത്തിക്കുന്നല്ലൊ എന്നതാണ് എന്റെ ഹൃദയത്തെ ഏറ്റവും അധികമായി സങ്കടപ്പെടുത്തുന്നതു്. അതുകയാൽ വി. കുമ്പാനയുടെ തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച എന്റെ ഹൃദയത്തിന്റെ സ്തുതിക്കായിട്ടു ഒരു തിരുനാൾ സ്ഥാപിക്കണം. എന്റെ ഹൃദയത്തോടു ചെയ്യപ്പെടുന്ന നിന്ദകൾക്കു പരിഹാരമായി അന്നു വിശ്വാസികൾ വി. കുർബ്ബാന സ്വീകരിക്കുകയും ദിവ്യകാരുണ്യം പരസ്യമായി സ്ഥാപിച്ചുകൊണ്ടു എന്റെ ഹൃദയത്തിനു അന്നു പരസ്യമായ നിന്ദാപരിഹാരം ചെയ്യുകയും വേണം. എന്റെ ഹൃദയത്തെ ബഹുമാനിക്കയും എന്റെ ഹൃദയത്തോടുള്ള വണക്കം പ്രചരിപ്പിക്കയും ചെയ്യുന്നവരുടെമേൽ എന്റെ അനുഗ്രഹങ്ങൾ ധാരാളമായി വർഷിക്കുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു." പൊതുവായതും പരസ്യമായതുമായ തിരുഹൃദയഭക്തിയുടെ കാരണം മേലുദ്ധരിച്ച വെളിപാടാകുന്നു.

3. തിരുഹൃദയഭക്തിയുടെ വിഷയം.

A) തിരുഹൃദയഭക്തിയുടെ വിഷയം ഈശോയുടെ ഹൃദയമാണു്. ഹൃദയമെന്നുപറഞ്ഞാൽ ഈശോയുടെ തിരുശ്ശരീരത്തിന്റെ അവയവമായ, ഇന്ദ്രിയഗോചരമായ, ഹൃദയവും, ദൈവവും മനുഷ്യനുമായ തന്റെ സകലപ്രവൃത്തികളുടെയും പ്രത്യേകിച്ചു സ്നേഹത്തിന്റെയും ആധാരമായിരിക്കുന്ന ദൈവികവും മാനുഷികവുമായ മനസ്സും ആണു് നിർദ്ദേശിക്കപ്പെട്ടതു്. ഈശോയുടെ ഹൃദയവും സ്നേഹവും രണ്ടു വ്യത്യസ്തമായ വിഷയങ്ങളല്ല. രണ്ടുംകൂടി ഒരു വിഷയമാണു്. സ്നേഹം തനിച്ചല്ല, അതെ ഹൃദയത്താൽ സൂചിപ്പിക്കപ്പെട്ടന്ന സ്നേഹമാണു്. അപ്രകാരം തന്നെ ഹൃദയം തനിച്ചല്ല, തന്റെ സ്നേഹത്തിന്റെ ചിഹ്നമായ ഹൃദയ

മാണ്. ഇവ രണ്ടിൽ പ്രഥമവും പ്രധാനവും ന. കർത്താവു തന്റെ പീഡാനുഭവത്തിലും വി. കുമ്പാനയുടെ സ്ഥാപനത്തിലും പ്രദർശിപ്പിച്ചിരിക്കുന്ന അനന്തമായ സ്നേഹം തന്നെ എന്നാൽ സ്നേഹം ആത്മികവും അളശ്യവുമാകയാൽ മനുഷ്യസ്വഭാവത്തിനു യോജിച്ചവിധം ഇന്ദ്രിയഗോചരമായ ഹൃദയം നൽകപ്പെട്ടിരിക്കുന്നു.

ദിവ്യരക്ഷകൻ തന്റെ തിരുശ്ശരീരത്തിലെ മറ്റേതൊരു അവയവത്തെക്കാളും തിരുഹൃദയത്തെയാണ് വി. മത്തീത്തായിലൂടെ പ്രത്യേകവണക്കത്തിന്റെ വിഷയമായി മനുഷ്യകുലത്തിനു നല്കിയിരിക്കുന്നതു്. ഹൃദയമാണ് ഈശോയുടെ നേരെയുള്ള സ്നേഹത്താൽ വിശ്വാസികളുടെ ഹൃദയങ്ങളെ എരിയിക്കുവാൻ ഏറ്റം പറ്റിയതു്. കൂടാതെ ഹൃദയവും സ്നേഹവും തമ്മിലുള്ള അവഗാഢമായ ബന്ധം മറ്റൊരു അവയവത്തിനും ഇല്ല. ആകയാൽ സ്നേഹത്തിന്റെ ബാഹ്യചിഹ്നമായി ഹൃദയം സ്വീകരിക്കപ്പെട്ടിരിക്കുന്നതു് സമുചിതമാണ്.

പ്രത്യക്ഷത്തിൽ ഹൃദയമാണ് നമ്മുടെ വണക്കത്തിന്റെ വിഷയം എങ്കിലും ദിവ്യരക്ഷകനെത്തന്നെയാണ് അസ്പഷ്ടമായി നാം വണങ്ങുന്നതു്. (The heart is venerated in a direct and immediate manner, the Sacred Person of the Redeemer in an indirect manner) ഒരു പിതാവിന്റെ കൈ ചുംബിക്കുന്ന പുത്രൻ സ്നേഹവാത്സല്യങ്ങൾ പലപ്പോഴും പ്രദർശിപ്പിക്കുന്ന കൈകളെയാണ് പ്രഥമമായി വണങ്ങുന്നതെങ്കിലും അവൻ വാസ്തവത്തിൽ പിതാവിനെയാണല്ലോ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതു്. മാപ്പുപ്പായെ സന്ദർശിക്കുന്ന ഒരു കത്തോലിക്കൻ അദ്ദേഹത്തിന്റെ പാദം ചുംബിക്കുമ്പോൾ പരിശുദ്ധപിതാവിനെ ബഹുമാനിക്കുവാനല്ലയോ ഉദ്ദേശിക്കുന്നതു്?

മാത്രമല്ല, ഈ ഹൃദയം രണ്ടോമാളായ ദൈവത്തോട് കാതലായവിധം ഐക്യപ്പെട്ടതാണ്. ഈശോമിശിഹായിൽ ദിവ്യവും മാനുഷവുമായ രണ്ടു സ്വഭാവമുണ്ട്. ആത്മം ഒന്നു മാത്രമേയുള്ളൂ. ആ ആത്മം ദിവ്യനാമാണ്. ആകയാൽ ഈശോമിശിഹായുടെ ഹൃദയം എന്നു പറയുമ്പോൾ അവതരിച്ച വചനമായ സാക്ഷാൽ ദൈവത്തിന്റെ ഹൃദയം എന്നതെ മനസ്സിലാകുന്നതു്. ഒരു ആളിന്റെ ഹൃദയത്തിനു നൽകേണ്ട ബഹുമാനം ആ ആളിനുതന്നെ നൽകുന്ന ബഹുമാനം ആയിരിക്കുന്നു. ദിവ്യ ആളിൽ നിന്നു വേർപെടുത്തുവാൻ പാടില്ലാത്തതായ ഈശോമിശിഹാ

യുടെ ഹൃദയത്തിനു നൽകപ്പെടേണ്ട ആരാധനയും അതിപരമമായിരിക്കേണ്ടതാകുന്നു. ഇതു്, വിശുദ്ധമായ സകല അബദ്ധങ്ങളെയും ജയിച്ചു നിലനിന്നിട്ടുള്ള ഒരു സാവ്വത്രികസത്യമാണു്.

ഹൃദയം മനുഷ്യശരീരത്തിലെ ഏറ്റവും ഉൽകൃഷ്ടമായ അവയവങ്ങളിൽ ഒന്നാണല്ലൊ. ഇതിനാൽ ലോകത്തിൽ മഹാന്മാരായിരുന്ന ചിലരുടെ ഹൃദയം സ്വർണ്ണനിർമ്മിതമായ പേടകത്തിൽ സുഗന്ധദ്രവ്യങ്ങളും പൂശി ബഹുമാനപുരസ്സരം ഇന്നും സൂക്ഷിക്കുന്നുണ്ടു. വി. അമ്മത്രേസ്യ, വി. ഫ്രാൻസിസ്സ്വ് സാലെസ്, വി. ചാൾസ് ബൊറൊമെയൊ മുതലായ വിശുദ്ധരുടെ ഹൃദയം അത്ഭുതകരമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ ഉൽകൃഷ്ടത, വിശുദ്ധി, ശക്തി എന്നിവ മനുഷ്യബുദ്ധിക്കു അഗ്രാഹ്യമാണ്. ദിവ്യ ചൈതന്യമായാട്ടിൻ കൂട്ടിയുടെ തിരുശ്ശരീരത്തിന്റെ ഒരു ഭാഗമാണല്ലൊ അതു്. ആ തിരുശ്ശരീരമാകട്ടെ പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയാൽ കന്യകമറിയത്തിന്റെ തിരുവുദരത്തിൽ ഉരുവാക്കപ്പെട്ടതും അത്ഭുതാവഹമായ ശക്തികളാൽ അലങ്കരിക്കപ്പെട്ടതുമാണ്. പന്ത്രണ്ടു സംവത്സരങ്ങളായി രക്തസ്രാവമുണ്ടായിരുന്നവളും തന്റെ മുതലെല്ലാം വൈദ്യന്മാരുടെയിടയിൽ ചിലവാക്കിയിട്ടും ആരാലും സുഖപ്പെടുത്തപ്പെടുവാൻ കഴിയാത്തവളുമായ ഒരു സ്ത്രീ കർത്താവിന്റെ വസ്ത്രത്തിന്റെ അറ്റത്തു തൊട്ട ഉടനെ അവളുടെ രക്തസ്രാവം നിലച്ചു. വിധവയുടെ മകനെ സംസ്കരിക്കുവാൻ കൊണ്ടുപോകുമ്പോൾ ദിവ്യരക്ഷകൻ മഞ്ചത്തിൽ തൊട്ടു: 'ബാലകാ നിന്നോടു ഞാൻ പറയുന്നു. എഴുന്നേല്ക്കുക' എന്നു അരുളിച്ചെയ്തു. തന്റെ ശരീരത്തിൽനിന്നു പുറപ്പെട്ടിരുന്ന ശക്തി ആ യുവാവിനെ ഉയർപ്പിച്ചു. വി. കുമ്പാനയിൽ ഈ തിരുശരീരംതന്നെയാണല്ലൊ നാം സ്വീകരിക്കുന്നതു്. മനുഷ്യരക്ഷക്കുവേണ്ടി അവാച്യമായ പീഡകളും സഹിച്ചു കുരിശു പീഠത്തിന്മേൽ നിത്യപിതാവിനു ബലിയിടപ്പെട്ടതും ഈ തിരുശ്ശരീരംതന്നെ. വി. പീറ്റർ കനീസ്സിയൂസ്സിന്റെ വാക്കുകളിൽ നാം വണങ്ങുന്ന തിരുഹൃദയം ഈശോയുടെ ബലിവസ്തുവായ തിരുശരീരത്തിന്റെ അത്യൽകൃഷ്ടമായ ഉപകരണമാണു്.('Instrumentum nobilissimum'. Beati Petri Canisii exhortationes domesticae. Ruremundae. 1876. Page 453)

B) അദൃശ്യമായ ഹൃദയം. തിരുഹൃദയഭക്തിയുടെ വിഷയത്തിൽ അവിഭാജ്യഘടകമാണല്ലൊ ഈശോയുടെ അദൃശ്യമാ

യ ഹൃദയം, അഥവാ മനസ്സ്, അഥവാ സ്നേഹം. മിശിഹായിൽ പൂർണ്ണമായി രണ്ടു സ്വഭാവമുള്ളതിനാൽ ഓരോന്നിനും യോജിച്ച പ്രവൃത്തികളോടുകൂടിയ രണ്ടു മനസ്സും തന്നിലുണ്ട്. അളവറ്റ മായ ഈ ഹൃദയത്തെപ്പറ്റി മൂന്നു സംഗതികളും പ്രത്യേകം ഗ്രഹിതനിയങ്ങളാകുന്നു. ഈശോയുടെ ഹൃദയത്തിന്റെ വിശുദ്ധി, സ്നേഹം, വിസ്മൃതി.

a) ഈശോയുടെ തിരുഹൃദയത്തിന്റെ വിശുദ്ധി: ഇതിൽ പ്രത്യക്ഷപ്പെടുന്ന വിശുദ്ധി മൂന്നു സംഗതികളിൽ അടങ്ങിയിരിക്കുന്നു. അതായതു ഹൃദയം സകല പാപങ്ങളിൽനിന്നും വിമുക്തമായിരിക്കുക, സകല പുണ്യങ്ങളിലും അലംകൃതമായിരിക്കുക, എല്ലാവസ്തുക്കളെയുംകാൾ ദൈവത്തെ സ്നേഹിച്ചുകൊണ്ടു സദാ ദൈവത്തോടു ഐക്യപ്പെട്ടിരിക്കുക. സ്വർഗ്ഗപിതാവിനു ഏറ്റം പ്രസാദിച്ച തന്റെ ദിവ്യസുതന്റെ നിർമ്മലതയും, സകല പുണ്യങ്ങളുടെയും അഗാധമായ പുണ്യപൂർണ്ണതയും, ദൈവഇഷ്ടിനോടു കാതലായ വിധത്തിൽ ഒന്നായിരിക്കുന്ന ഈശോയുടെ ദിവൈക്യവും വാചാമഗോചരമെന്നല്ലാതെ എന്തു പറയട്ടെ.

b) ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹം: തന്റെ മനുഷ്യാവതാരത്തിലും, ദാരിദ്ര്യസംപൂർണ്ണമായ പിറവിയിലും, മുപ്പത്തിമൂന്നു സംവത്സരത്തെ രഹസ്യവും പരസ്യവുമായ ജീവിതത്തിലും വി. കുമ്പാനയുടെ സ്ഥാപനത്തിലും തന്റെ പീഡാനുഭവത്തിലും മരണത്തിലും മനുഷ്യരോടുള്ള തന്റെ അപരിമിതമായ സ്നേഹം ഈശോ പ്രത്യക്ഷപ്പെടുത്തുന്നു.

c) ഈശോയുടെ തിരുഹൃദയത്തിന്റെ വിസ്മൃതി: അതേ, ഈശോ അറിയപ്പെടാതെയും സ്നേഹിക്കപ്പെടാതെയുമിരിക്കുന്നു. അനേകലക്ഷംപേർ സത്യവിശ്വാസത്തിന്റെ വെളിച്ചം പ്രാപിക്കാതെ നിത്യമരണത്തിന്റെ നിഴലിൽ ജീവിക്കുന്നു. കർത്താവിന്റെ ശിഷ്യന്മാർ എന്നു അഭിമാനിക്കുന്ന അനേകലക്ഷങ്ങൾ ഇടത്തട്ടിലും ശീമകളിലും നിപതിച്ചിരിക്കുന്നവരാണ്. തന്റെ മക്കളായ സത്യവിശ്വാസികളിൽ തന്നെയും എത്ര ചുരുക്കംപേർ മാത്രമാകുന്നു തീക്ഷ്ണതയോടെ തന്നെ സ്നേഹിക്കുന്നവർ? വൈദികരും സന്ന്യാസികളുമായവർപോലും ഈശോയുടെ സ്നേഹത്തിനു എന്തു പ്രതിസ്നേഹമാണ് കാണിക്കുന്നതെന്ന് വി. മഗ്ദലീ

അയോട് ദിവ്യരക്ഷകൻ അരുളിച്ചെയ്യുവാക്കുകൾ തെളിയിക്കുന്നു: "എനിക്കു പ്രതിഷ്ഠിക്കപ്പെട്ട ആത്മാക്കൾപോലും ഇപ്രകാരം എന്നോട് വർത്തിക്കുന്നുവല്ലോ എന്നതാണ് എന്നെ ഏറ്റവും സങ്കടപ്പെടുത്തുന്നത്."

4. തിരുഹൃദയഭക്തി പ്രാപിക്കുന്നതിനു ആവശ്യമായ ആത്മിക ഒരുക്കം

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ദൈവത്തിന്റെ ഒരു ദാനമാകുന്നു. അവിടുന്നു മനസ്സാകുന്നവർക്കു ഈ ദിവ്യ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുകയും അതിനോട് വിശേഷഭക്തി മനസ്സിൽ അങ്കുരിപ്പിക്കുകയും ചെയ്യുന്നു. എങ്കിലും ഈ ദാനം സ്വീകരിക്കുന്നതിനു നമ്മെത്തന്നെ ഒരുക്കുവാൻ സാധിക്കുന്നതാണ്. ഈ ഒരുക്കം മൂന്നു സംഗതികളിൽ അടങ്ങിയിരിക്കുന്നു. a) പാപത്തോടുള്ള വെറുപ്പ്: ചാവുദോഷം മാത്രമല്ല പാപദോഷം പോലും അറിഞ്ഞോടും സമ്മതത്തോടുംകൂടെ ചെയ്യാതിരിക്കുന്നതിനു പരിശ്രമിക്കുക. b) ആശാനിഗ്രഹം: ശരീരത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരിച്ഛ, ലൗകികാഭിമാനം ഇവയെ ആശാനിഗ്രഹംവഴി ജയിക്കുന്നതിനു ശ്രമിക്കുക. c) ദിനചര്യകളുടെ ശരിയായ നിവ്വഹണം: സ്വന്തജീവിതാവസ്ഥയുടെ കടമകൾ വിശ്വസ്തതയോടും സ്ഥിരതയോടുംകൂടെ നിവ്വഹിക്കുക.

5 തിരുഹൃദയഭക്തിയുടെ മൂന്നു ഉദ്ദേശ്യങ്ങൾ.

a) നമ്മെപ്രതി അളവറ്റവിധം പീഡയനുഭവിക്കുന്നതിനും, മാധുര്യമേറിയ വി. കുബ്ബാനയെന്ന അമൂല്യദാനം നമുക്കു നൽകുന്നതിനും തിരുമനസ്സായ ഈശോയുടെ തിരുഹൃദയത്തിനു പ്രതിനന്ദി കാണിക്കുക.

b) തന്റെ സ്നേഹവാത്സല്യങ്ങളുടെ ഇരിപ്പിടമായ ഹൃദയത്തിനു നാം വരുത്തിയിട്ടുള്ളതും ഇപ്പോഴും വരുത്തുന്നതുമായ അപമാനങ്ങൾക്കു നമ്മുടെ ഭക്തിതീക്ഷ്ണതവഴിയായി യഥാശക്തി പരിഹാരം ചെയ്യുക.

c) നാം ആരാധിക്കുന്ന ഹൃദയത്തെ അനുകരിച്ചുകൊണ്ടു കഷ്ടാരിഷ്ടതകളും നിറഞ്ഞ ഈശോയുടെ ആയുഷ്കാലത്തും, ഭാഗ്യസംപൂർണ്ണവും ക്ലേശാപരവുമായ ഇപ്പോഴത്തെ ജീവിതത്തിലും തന്റെ ഹൃദയത്തെ ചൈതന്യപ്പെടുത്തിയ അതേ സ്നേഹവാത്സല്യങ്ങളും കരുണാവികാരങ്ങളുംകൊണ്ടു നാമും ചൈതന്യമുള്ളവരായിത്തീരുക.

വി. മർഗ്ഗരീത്താ അലക്കോക്കിനുണ്ടായിട്ടുള്ള വെളിപാടുകളിൽ ന. ക. ഏറ്റവും കൂടുതൽ ആവശ്യപ്പെട്ടിട്ടുള്ളതു് പരിഹാരകൃത്യമാണ്. "പാപികൾ എങ്ങനെയാണ് എന്നെ നിന്ദിക്കുന്നതു് എന്നു നോക്കുക: ഈ നിഷ്ഠാഭ്യസ്ഥിതിയിൽ എന്നോടു അനുകമ്പ കാണിക്കുന്നതിനായിട്ടു ആരും ഇല്ലേ?" എന്നാണ് ഒരവസരത്തിൽ അവിടുന്നു് അരുളിച്ചെയ്തതു്. മഹത്വപ്പെട്ടിരിക്കുന്ന മിശിഹായ്ക്കു ഇപ്പോൾ സങ്കടമനുഭവിക്കുവാൻ സാധിക്കുകയില്ല എന്നതു ശരിതന്നെ. എന്നിരുന്നാലും തന്റെ പീഡകളുടെ അവസരത്തിൽ ഇപ്പോൾ നാം ചെയ്യുന്ന നിന്ദാകേടുകളെപ്പറ്റി അവിടുന്നു വാസ്തവത്തിൽ വ്യാകുലം അനുഭവിക്കുകയുണ്ടായി. അതുതന്നെയാണ് തന്റെ വെളിപാടുകളിൽ താൻ പ്രത്യക്ഷപ്പെട്ടത്തിയിരിക്കുന്നതും. "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ വ്യസനിപ്പിക്കരുതു്." (Eph IV. 30) എന്നു വി. ശ്ലീഹാ നമ്മെ ഉൽബോധിപ്പിക്കുന്നു.

തിരുഹൃദയത്തിനു ചെയ്യപ്പെടുന്ന നിന്ദകൾക്കു പരിഹാരം ചെയ്യണം എന്ന ഉദ്ദേശ്യത്തോടുകൂടെ, ഇഷ്ടപ്രസാദസ്ഥിതിയിൽ, ചെയ്യപ്പെടുന്ന സകല നന്മപ്രവൃത്തികൾക്കും ഈശോയെ ആശ്ലേഷിപ്പിക്കുവാൻ ശക്തിയുണ്ടു്. പാപം ദൈവമഹത്വത്തെ കുറക്കുന്നുവെങ്കിൽ നന്മപ്രവൃത്തികൾ അതിനെ വർദ്ധിപ്പിക്കുന്നു. ഇപ്പോൾ നാം ചെയ്യുന്ന പാപങ്ങൾ പീഡാനുഭവസമയത്തു നമ്മുടെ രക്ഷാവിനെ ദുഃഖിപ്പിച്ചുവെങ്കിൽ ഇപ്പോൾ നാം ചെയ്യുന്ന സൽപ്രവൃത്തികൾ ഈശോ തന്റെ ദിവ്യഹൃദയത്തിനു ആശ്വാസം നല്കിയിട്ടുണ്ടു്. അനുദിനമുള്ള ദിവ്യകാരുണ്യസ്വീകരണം പരിഹാരമായി നിയോഗിക്കുന്നതു് ഉത്തമമാണ്. നമ്മുടെ പരിഹാരപ്രവൃത്തികൾ കൂടുതൽ ഫലവത്താകുന്നതിനു ഈശോയുടെ തിരുഹൃദയത്തിന്റെ യോഗ്യതകളോടുകൂടെ ചേർത്തു കാഴ്ചവെക്കുന്നതാണ് ഉത്തമമായ രീതി.

മാസത്തിലെ ആദ്യവെള്ളിയാഴ്ച നടത്തപ്പെടുന്ന ദിവ്യകർമ്മങ്ങൾ നിന്ദാപരിഹാരത്തിനു വേണ്ടിയാണ്. തിരുഹൃദയത്തിരുനാ

ംതന്നെ ഈ ഉദ്ദേശ്യത്തോടുകൂടെയത്രെ സ്ഥാപിതമായിരിക്കുന്നതു്. പരിഹാരകൂട്ടായ്മകൈക്കൊള്ളുപ്പാടിന്റെ ഒരു സഖ്യവും നിലവിലുണ്ടു. സർവ്വപ്രധാനമായി നമ്മുടെ വിശുദ്ധ ജീവിതത്തിന്റെ സകല കടമകളും വിശ്വസ്തതയോടും സ്നേഹചൈതന്യത്തോടുംകൂടെ നിവ്വഹിച്ചുകൊണ്ടും, ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തോടുള്ള പ്രത്യേകവണക്കം മൂലവും തന്നെ ആശ്വസിപ്പിക്കുന്നതിനു നമുക്കു ശ്രമിക്കാം.

വി. മർഗ്ഗരീത്താ അലക്കോക്കു് തിരുഹൃദയഭക്തി പ്രചരിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടെ എഴുതിയിട്ടുള്ള അനേകം കത്തുകളിൽ ഓരോരുത്തരെയും ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവെക്കണമെന്നു പ്രത്യേകം ഉൽബോധിപ്പിച്ചിട്ടുള്ളതാകുന്നു. അനുദിനം നമ്മെത്തന്നെ കൂടുതൽ വിസ്മരിക്കുന്നതിനും കർത്താവിനു വേണ്ടി ജീവിക്കുന്നതിനും പരിശ്രമിച്ചുകൊണ്ടു ഈ കാഴ്ചവെപ്പിനെ അർത്ഥവത്താക്കുകയാകുന്നു പ്രധാനകാര്യം. ഈ കാഴ്ചവെപ്പു ഹൃദയപൂർവ്വം ചെയ്യുകയും അനുദിനം നവീകരിക്കുകയും ചെയ്യുന്നതു ഒരു ജപം ചൊല്ലുക എന്നു മാത്രമാകാതെ ഈശോയോടുള്ള ആത്മാർത്ഥമായ ഒരു പ്രതിജ്ഞയും സമർപ്പണവുമായി കരുതി ജീവിതവിശുദ്ധീകരണത്തിനു ഒരു മാർഗ്ഗമാക്കുവാൻ നമുക്കു ശ്രമിക്കാം. തിരുഹൃദയഭക്തി നമ്മുടെ കഴിവുപോലെ പ്രചരിപ്പിക്കുന്നതിനും നമ്മെത്തന്നെ സമർപ്പിക്കാം. ഇങ്ങനെ ചെയ്യുന്നപക്ഷം "ഇരുപ്പട്ടക്കാർക്കു" ഏറ്റവും കഠിന ഹൃദയങ്ങളെപ്പോലും ഇളക്കുന്നതിനുള്ള വരം ഞാൻ നൽകും. ഈ ഭക്തിയെ വർദ്ധിപ്പിക്കുവാൻ പ്രയാസപ്പെടുന്നവരുടെ പേർ, എന്റെ ഹൃദയത്തിൽ എഴുതപ്പെട്ടും; ഒരിക്കലും മായിക്കപ്പെടുന്നതല്ല" എന്നുള്ള ഈശോയുടെ വാഗ്ദാനങ്ങൾക്കു നാം യോഗ്യരാവുകതന്നെ ചെയ്യും. നിശ്ചയം.

L. D. S & M.

മാനസധ്യാനം

ഭക്തജീവിതക്കാക്ക് ഏറ്റവും പറ്റിയത്

തല്ക്കാലം തയ്യാറായിട്ടുള്ള പുസ്തകങ്ങൾ

	വില
1. മാനസധ്യാനക്രമം	4ണ.
2. മനുഷ്യന്റെ ഐഹിക ജീവിതം	3ണ.
3. ക്രിസ്ത്യാനിയുടെ സ്ഥാനമഹിമ	3ണ.
4. വിദ്യാപ്രവർത്തനം	3ണ.
5. ദൈവൈക്യജീവിതം	3ണ.

(തുടർന്നുള്ള പുസ്തകങ്ങൾ തയ്യാറായിവരുന്നു)

ഇവ താഴെ പറയുന്ന സ്ഥലങ്ങളിൽ കിട്ടുന്നതാണ്.

എൽ. എഫ്. ബുക്ക്സ്റ്റോർ, ബ്രോഡ്വേ, എറണാകുളം.

or എൽ. എഫ്. " കോളേജ്റോഡ്, തൃശ്ശൂർ.

or എൽ. എഫ്. " കെ. കെ. റോഡ്, കോട്ടയം

or എൽ. എഫ്. " റെയിൽറോഡ്, ആലുവാ.

Printed & Published
For the Proprietor, by P. I. Joseph,
At the Little Flower Press,
Thevara, Ernakulam.
14-8-'48.

DC Library
000074 83
K19 T56